# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6696 | 01.11.2011 ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. യുടെ അന്തർ സംസ്ഥാന ഗതാഗത കരാർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) കെ.എസ്.ആർ.ടി.സി. യുടെ അന്തർസംസ്ഥാന ഗതാഗത കരാറിന്റെ കാലാവധി എത്രയാണ്; | (എ) 1976 ലാണ് തമിഴ്നാടും കർണ്ണാടകയും തമ്മിൽ നിലവിലുള്ള മുഖ്യ കരാർ ഒപ്പ് വച്ചത്. തുടർന്ന് തമിഴ്നാടുമായും കർണ്ണാടകവുമായും കരാറുകൾ നിലവിൽ വന്നിട്ടുണ്ട്. കരാറുകൾക്ക് കാലാവധി നിശ്ചയിച്ചിട്ടില്ല. |
| (ബി) നിലവിലെ കരാർ കാലാവധി പൂർത്തിയാകാറായോ; | (ബി) നിലവിൽ കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. |
| (സി) പുതിയ കരാർ എന്ന് നടപ്പിലാക്കാനാകും;<br><br>(ഡി) ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കാമോ? | (സി & ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി, കേരളത്തിൽ നിന്ന് തമിഴ്നാട്ടിലെ വിവിധ പ്രദേശങ്ങളിലേയ്ക്കും അവിടെ നിന്ന് കേരളത്തിലേയ്ക്കും യാത്രക്കാർക്ക് അനുഭവപ്പെടുന്ന യാത്രാക്ലേശത്തിന്റെ വെളിച്ചത്തിൽ തമിഴ്നാട് സർക്കാരുമായി പുതിയ ഒരു അന്തർ സംസ്ഥാന സപ്ലിമെന്ററി കരാറിൽ ഏർപ്പെടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ആർ.ടി.സി മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. തമിഴ്നാട്ടിലെ സ്റ്റേറ്റ് എക്സ്പ്രസ്സ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ അധികാരികളുമായി കെ.എസ്.ആർ.ടി.സി. പ്രാഥമിക ചർച്ച നടത്തിക്കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ